**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 442** | **29.06.2016 ൽ മറുപടിയ്ക്ക്**

# സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) 01.04.2008 മുതൽ മുൻകാല പ്രാബല്യത്തോടെ 18.11.2008-ൽ നിലവിൽ വന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി മുൻ സർക്കാരും നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഈ പദ്ധതി മൂലം കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണ പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ, വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ, അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് |

| | |
|---|---|
| | കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ക്ഷയം, ലിവർ സിറോസിസ് തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75000/- രൂപ വരെയുള്ള ആനുകൂല്യം നൽകുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ 27,184 വായ്പകൾക്കായി ആകെ 183,08,48,589/- (നൂറ്റി എൺപത്തി മൂന്ന് കോടി എട്ട് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊൻപത് രൂപ) യുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാൻ കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ, കോട്ടയം ജില്ലകളിൽ ബോർഡിന്റെ മേഖലാ ആഫീസുകൾ ആരംഭിച്ചു. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്നും പദ്ധതിയിൽ ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം റദ്ദ് ചെയ്യുന്നതാണെന്നും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ